# സ്നേഹവും ദ്രോഹവും




**രാജ്യസ്നേഹികളും രാജ്യദ്രോഹികളുമായി ഇന്ത്യയിലെ ജനങ്ങളെ ഇപ്പോൾ വിഭജിച്ചതിനു പിന്നിൽ സംഘപരിവാരമല്ല, മാധ്യമമേലാളന്മാരാണ്. ഫെബ്രുവരി 11ന് കനയ്യ വിളിച്ച മുദ്രാവാക്യത്തിൽ നിന്ന് "ഞങ്ങൾ സ്വാതന്ത്ര്യം നേടുക തന്നെ ചെയ്യും" എന്ന ഭാഗം അടർത്തിയെടുത്തു. അതിനൊപ്പം ഫെബ്രുവരി 9ന് നടന്ന അഫ്സൽ ഗുരു അനുസ്മരണത്തിനു ശേഷമുയർന്ന കശ്മീർ വിഘടനവാദ മുദ്രാവാക്യങ്ങൾ കൂട്ടിച്ചേർത്തു. തട്ടിപ്പ് സംശയാതീതമായി തെളിയിക്കപ്പെട്ടു കഴിഞ്ഞിട്ടും സീ ന്യൂസിലെ സുധീർ ചൗധരിക്കും ടൈംസ് നൗവിലെ അർണബ് ഗോസ്വാമിക്കും ഒരു കൂസലുമില്ല**

ആരാണ് രാജ്യസ്നേഹി? ആരാണ് രാജ്യദ്രോഹി? ഇപ്പോൾ ഇന്ത്യാ മഹാരാജ്യത്ത് ഏറ്റവും പ്രാധാന്യത്തോടെ ചർച്ച ചെയ്യപ്പെടുന്ന വിഷയം ഇതാണ്. രാജ്യസ്നേഹത്തിന്റെ അടിസ്ഥാനത്തിൽ രണ്ടു ചേരികളിലാക്കി ഇന്ത്യയെ വിഭജിക്കാൻ ആരൊക്കെയോ ബോധപൂർവ്വം ശ്രമിക്കുന്നുണ്ട്. ഇതു സംബന്ധിച്ച ചർച്ചകളിൽ മറ്റു വിഷയങ്ങളെല്ലാം മുങ്ങിപ്പോകുന്നു. ഈ ചേരിതിരിവ് ലക്ഷ്യമിടുന്നവർക്ക് വേണ്ടതും അതു തന്നെ.

ജവാഹർലാൽ നെഹ്റു സർവ്വകലാശാലയിലുണ്ടായ സംഭവവികാസങ്ങളാണ് ഈ ചർച്ചകൾക്ക് ഇപ്പോൾ തീപിടിപ്പിച്ചത്. മനുവാദത്തിന്റെ ഭാഗമായുള്ള ദളിത് പീഡനത്തിന്റെ ഫലമായി രോഹിത് വെമുല എന്ന വിദ്യാർത്ഥി ആത്മഹത്യ ചെയ്ത സംഭവവുമായി ബന്ധപ്പെട്ട് ഹൈദരാബാദ് സർവ്വകലാശാലയിൽ വൻപ്രക്ഷോഭം നടക്കുകയാണ്. ഇത് ക്രമേണ എല്ലാ സർവ്വകലാശാലകളിലേക്കും വ്യാപിച്ചു. ഇതിനു പിന്നാലെയാണ് രാജ്യദ്രോഹം പ്രവർത്തിച്ചു എന്നതിന്റെ പേരിൽ ജെ.എൻ.യു. സ്റ്റുഡന്റ്സ് യൂണിയൻ പ്രസിഡന്റ് കനയ്യ കുമാറിനെ ഡൽഹി പൊലീസ് അറസ്റ്റുചെയ്യുന്നത്. ഇതോടെ വിദ്യാർത്ഥി പ്രക്ഷോഭം കൂടുതൽ കരുത്താർജ്ജിക്കുന്ന അവസ്ഥയായി. എന്നാൽ, രോഹിത് വെമുലയുടെ ആത്മഹത്യയിലും കനയ്യ കുമാറിന്റെ അറസ്റ്റിലും എതിർകക്ഷി സ്ഥാനത്തുള്ളത് ബി.ജെ.പിയുടെ വിദ്യാർത്ഥി വിഭാഗവും സംഘപരിവാര സംഘടനയുമായ അഖില ഭാരതീയ വിദ്യാർത്ഥി പരിഷത്ത് എന്ന എ.ബി.വി.പിയുമാണ്. അതിൽത്തന്നെയാണ് ഈ സംഭവങ്ങൾക്കു പിന്നിലെ രാഷ്ട്രീയം കുടികൊള്ളുന്നതും.

ഭരണകക്ഷിയുടെ വിദ്യാർത്ഥി സംഘടനയ്ക്ക് ജെ.എൻ.യു. പിടിക്കണം. അതിനായി എതിർശബ്ദങ്ങൾ ഇല്ലാതാക്കണം. അതിനുവേണ്ടിയല്ലേ കനയ്യ കുമാറിനെയും ഉമർ ഖാലിദിനെയും അപരാജിത രാജയെയുമൊക്കെ ലക്ഷ്യം വയ്ക്കുന്നത്? ആർക്കും തോന്നിപ്പോകാവുന്ന ന്യായമായ സംശയം.

## ജനാധിപത്യത്തിന്റെ ശക്തി

അധികമായാൽ അമൃതും വിഷമാണെന്ന പഴഞ്ചൊല്ലിൽ പതിരില്ല. അളവു കൂടിയിരിക്കുന്നതിനാൽ ഇപ്പോൾ വിഷമായിരിക്കുന്നത് എന്തെന്നല്ലേ? രാജ്യസ്നേഹം. ഇതു തുറന്നുപറഞ്ഞാൽ, അല്ലെങ്കിൽ എഴുതിയാൽത്തന്നെ രാജ്യദ്രോഹിയാകുന്ന അവസ്ഥയാണിപ്പോൾ. അവർ ഇന്ത്യയുടെ അഖണ്ഡത ചോദ്യം ചെയ്യുന്നവരാണ്. ഇന്ത്യയുടെ അഖണ്ഡത ആരു ചോദ്യം ചെയ്താലും അത് എതിർക്കപ്പെടണം. എതിർത്തു തോല്പിക്കപ്പെടുക തന്നെ വേണം. അതിൽ തർക്കമില്ല. പക്ഷേ, ഇന്ത്യയുടെ അഖണ്ഡത കെട്ടിപ്പടുക്കേണ്ടത് തൂക്കുമരങ്ങളിൽ തൂങ്ങിയാടുന്ന നിരപരാധികളുടെ കബന്ധങ്ങൾക്കു മേലാകരുത്. അത് അഫ്സൽ ഗുരുവാകട്ടെ, യാക്കൂബ് മേമനാകട്ടെ, മറ്റാരെങ്കിലുമാകട്ടെ. എന്തുകൊണ്ടോ, അഫ്സൽ ഗുരുവും യാക്കൂബ് മേമനും നിരപരാധികളായിരുന്നു എന്നു വിശ്വസിക്കുന്ന വലിയൊരു വിഭാഗം ഇവിടെയുണ്ട്. അവരിലൊരു കൂട്ടർ ജെ.എൻ.യുവിൽ അഫ്സൽ ഗുരു അനുസ്മരണം സംഘടിപ്പിച്ചതാണ് ഇപ്പോഴത്തെ വിവാദങ്ങൾക്കു കാരണം.

ഒരു വിഭാഗത്തിന്റെ അഭിപ്രായം പൊതുധാരയ്ക്കു വിരുദ്ധമാണെങ്കിൽപ്പോലും അതു രേഖപ്പെടുത്താൻ ഇന്ത്യയിലെ ഭരണഘടന അനുവാദം നൽകുന്നുണ്ട്. അതാണ് നമ്മുടെ ജനാധിപത്യസംവിധാനത്തിന്റെ ശക്തി. അങ്ങനെ വരുമ്പോൾ അഫ്സൽ ഗുരുവിന്റെ അനുസ്മരണം സംഘടിപ്പിക്കുന്നതിൽ തെറ്റില്ല എന്നു സമ്മതിക്കേണ്ടിവരുന്നു. കട്ടവനെ കിട്ടിയില്ലെങ്കിൽ കിട്ടിയവനെ തട്ടുക എന്ന പേരിൽ ഭരണകൂടത്തിനാൽ ബലിയാടാക്കപ്പെട്ടയാളാണ് അഫ്സൽ ഗുരു എങ്കിലോ? അഫ്സൽ ഗുരു നിരപരാധിയെങ്കിൽ, അയാൾക്കുനേരെ ആക്രോശിക്കുന്നവർ പരോക്ഷമായി ചെയ്യുന്നത് ഭീകരാക്രമണം ആസൂത്രണം ചെയ്തു നടപ്പാക്കിയ യഥാർത്ഥ കുറ്റവാളിയെ രക്ഷിക്കുകയാണ്. ഇതാണോ രാജ്യസ്നേഹം? ഇതാണോ അഖണ്ഡതയുടെ സംരക്ഷണം?

ബഹുസ്വരതയ്ക്കും അഭിപ്രായസ്വാതന്ത്ര്യത്തിനും കേളികേട്ട കാമ്പസാണ് ജെ.എൻ.യു. അഫ്സൽ ഗുരു അനുസ്മരണം എന്ന ആശയം അവിടെ ഉടലെടുത്തതും അതിനാൽത്തന്നെയാണ്. ഫെബ്രുവരി 9ന് അഫ്സൽ ഗുരു അനുസ്മരണം നടത്താൻ തീരുമാനിച്ചത് മാവോവാദികളോട് ആഭിമുഖ്യമുള്ള ഡി.എസ്.യു. എന്ന സംഘടനയാണ്. ഇതിന് ആദ്യം ജെ.എൻ.യു. ഭരണകൂടം അനുമതി നൽകിയിരുന്നു. എന്നാൽ, പിന്നീട് എ.ബി.വി.പിയുടെ പരാതിപ്രകാരം അവസാനനിമിഷം അനുമതി പിൻവലിച്ചു. ഇത്തരത്തിൽ അനുമതി പിൻവലിച്ചതിലൂടെ അഭിപ്രായസ്വാതന്ത്ര്യത്തിനുമേൽ നടക്കുന്ന കടന്നുകയറ്റത്തിൽ പ്രതിഷേധിക്കാനാണ് കനയ്യ കുമാറും കൂട്ടാളികളും അവിടെയെത്തിയത്. യോഗത്തിനു ശേഷം ആരോ പാക് അനുകൂല മുദ്രാവാക്യം വിളിച്ചു. അത് കാമ്പസിലുള്ളവർ ആയിരുന്നില്ലെന്ന് വിദ്യാർത്ഥികൾ ആണയിടുന്നു. അങ്ങനെ ദേശവിരുദ്ധ മുദ്രാവാക്യം വിളിക്കുന്നവരെ തിരിച്ചറിയാൻ കഴിയുന്ന വിധത്തിലുള്ള വീഡിയോദൃശ്യങ്ങളുമുണ്ട്. പക്ഷേ, എന്തുകൊണ്ടോ അവരെ ഡൽഹി പൊലീസിനു വേണ്ട. അവർക്ക് കനയ്യയെ വേണം, ഉമറിനെ വേണം.

ഇന്ത്യ ഒരു ജനാധിപത്യ രാജ്യമാണ്. ലോകത്തെ ഏറ്റവും വലിയ ജനാധിപത്യ രാജ്യം. ബഹുസ്വരതയാണ് നമ്മുടെ മുഖമുദ്ര. എന്നാൽ, ഇപ്പോൾ ഇവിടെ എന്തു പ്രശ്നമുണ്ടായാലും അതിനെ ന്യായീകരിക്കുന്നത് പാകിസ്ഥാനിലായിരുന്നുവെങ്കിൽ അല്ലെങ്കിൽ സൗദി അറേബ്യയിലായിരുന്നുവെങ്കിൽ അല്ലെങ്കിൽ ചൈനയിലായിരുന്നുവെങ്കിൽ എന്തു സംഭവിക്കുമെന്നു ചിന്തിക്കൂ എന്ന വാദമുയർത്തിയാണ്. പമ്പരവിഡ്ഢിത്തമല്ലേ ഇത്!! പാകിസ്ഥാനും സൗദി അറേബ്യയുമൊക്കെ മതാധിഷ്ഠിത ഭരണസംവിധാനമുള്ള രാജ്യങ്ങളാണ്. ചൈനയിൽ കമ്മ്യൂണിസ്റ്റ് ഇരുമ്പുമറയാണ്. ജനാധിപത്യ ഭരണസംവിധാനമുള്ള ഇന്ത്യ അങ്ങനെയാണോ? നമ്മൾ താരതമ്യം ചെയ്യപ്പെടേണ്ടത് ബ്രിട്ടൻ, സ്വീഡൻ അല്ലെങ്കിൽ കുറഞ്ഞപക്ഷം അമേരിക്ക പോലുള്ള ജനാധിപത്യ സംവിധാനങ്ങളുമായിട്ടല്ലേ?

ഒരു സംഭവത്തിന് പല വശങ്ങളുണ്ടാവാം. ആരെയും ഹിംസിക്കരുതെന്നു പറഞ്ഞ മഹാത്മാവായ ഗാന്ധി



സ്വന്തം വിദ്യാർത്ഥിനികളെ ഉപയോഗിച്ച് ഉമാ ഖുരാന പെൺവാണിഭ സംഘം നടത്തുന്നു എന്നായിരുന്നു സുധീർ ചൗധരിയുടെ ഒളിക്യാമറാ വാർത്ത. ഒപ്പം ഒരു ഹൈസ്കൂൾ പെൺകുട്ടിയുടെ അനുഭവ സാക്ഷ്യവും. വാർത്ത വന്നതോടെ ഡൽഹി ഇളകി മറിഞ്ഞു. യഥാർത്ഥ കഥ പിന്നീട് പുറത്തുവന്നു, അധികമാരും അറിഞ്ഞില്ലെന്നു മാത്രം.

ജിയെ വെടിവച്ചുകൊന്ന നാഥുറാം വിനായക് ഗോഡ്സെ ചിലർക്ക് വീരപുരുഷനാണ്. മറുഭാഗത്ത്, ജനാധിപത്യത്തിൽ വിശ്വസിക്കുന്ന എല്ലാ ഇന്ത്യക്കാർക്കും അയാൾ രാജ്യത്തെ ഏറ്റവും വലിയ പാതകിയാണ്. ഇന്ത്യയുടെ രാഷ്ട്രപിതാവിനെ വെടിവച്ചുകൊന്നയാളെ വാഴ്ത്തുന്നവർ രാജ്യദ്രോഹികളല്ലേ? ഈ രാജ്യദ്രോഹികൾ ഇപ്പോൾ രാജ്യസ്നേഹത്തിന്റെ മൊത്തക്കച്ചവടക്കാരാകുന്നതിനെ എങ്ങനെ അംഗീകരിക്കും? നിരപരാധിയെന്ന് ഒരു വിഭാഗം വിശ്വസിക്കുന്ന അഫ്സൽ ഗുരുവിനെ അനുസ്മരിക്കുന്നതിനെ എതിർക്കാൻ ധാർമ്മികമായി ഇവർക്കു സാധിക്കുമോ? പാർലമെന്റ് ആക്രമണത്തിന്റെ സൂത്രധാരൻ അഫ്സൽ ഗുരുവാണെന്നു പറഞ്ഞത് ആടിനെ പട്ടിയാക്കുന്ന പാരമ്പര്യമുള്ള ഡൽഹി പൊലീസാണെന്നോർക്കുക. മാപ്പുസാക്ഷിയാകാൻ ഇന്ത്യയിലെത്തിയ യാക്കൂബ് മേമനെ തൂക്കുമരത്തിലെത്തിച്ചു എന്ന പേരിലും കുപ്രസിദ്ധരായ ഡൽഹി പൊലീസുകാർ ആരോപണവിധേയരാണെന്നത് വേറെ കാര്യം. പാട്യാല ഹൗസ് കോടതി വളപ്പിൽ രണ്ടു ദിവസം രാജ്യസ്നേഹം നിറഞ്ഞുതുളുമ്പുന്നതു കണ്ട ഏതൊരു യഥാർത്ഥ രാജ്യസ്നേഹിയും ലജ്ജിച്ചു തല താഴ്ത്തിയിട്ടുണ്ടാവും.



സുധീർ ചൗധരി



അർണബ് ഗോസ്വാമി

എന്റെ രാജ്യത്തോടുള്ള സ്നേഹം മറ്റൊരു രാജ്യത്തോടുള്ള വിദ്വേഷമാകുന്നതെങ്ങനെ? ഇന്ത്യയിൽ മതവിശ്വാസവും ജാതിയും വോട്ട്ബാങ്ക് ആണ്. അതുപോലെ തന്നെ പാകിസ്ഥാനിലെ വോട്ട്ബാങ്കാണ് ഇന്ത്യാവിരുദ്ധത. കൂടുതൽ ഇന്ത്യാവിരുദ്ധത പറയുന്നയാൾക്ക് അവിടെ കൂടുതൽ സ്വീകാര്യത കിട്ടുന്നു. അത് രാഷ്ട്രീയക്കാരനായിരുന്നാലും പട്ടാളക്കാരനായിരുന്നാലും തീവ്രവാദിയായിരുന്നാലും. ഇന്ത്യയും പാകിസ്ഥാനും കടിച്ചുകീറാൻ നിൽക്കുമ്പോൾ ഇരു രാജ്യങ്ങളിൽ നിന്നുമായി ആയുധവിപണിയിലേക്കൊഴുകുന്നത് കോടിക്കണക്കിന് ഡോളറാണ്. ആ കോടികൾ സമാഹരിക്കുന്നവർ ഇരുരാജ്യങ്ങൾക്കുമിടയിലെ കാലുഷ്യത്തിന്റെ അഗ്നി കെടാതെ കാത്തുസൂക്ഷിക്കുന്നു. ഇതെല്ലാം രാഷ്ട്രീയക്കളികൾ മാത്രം. ഈ കളിക്കിടയിൽ ജീവൻ ബലിയർപ്പിക്കുന്ന ഇന്ത്യയിലെയും പാകിസ്ഥാനിലെയും പട്ടാളക്കാർക്കും അവരുടെ കുടുംബാംഗങ്ങൾക്കും മാത്രമാണ് യഥാർത്ഥ നഷ്ടം.

## മാധ്യമഭീകരത

രാജ്യസ്നേഹികളും രാജ്യദ്രോഹികളുമായി ഇന്ത്യയിലെ ജനങ്ങളെ ഇപ്പോൾ വിഭജിച്ചതിനു പിന്നിൽ സംഘപരിവാര സംഘടനകളാണെന്ന് ആരെങ്കിലും പറഞ്ഞാൽ ലേഖകൻ സമ്മതിക്കില്ല. ആ നീച പ്രവൃത്തി ചെയ്തത് ഇവിടത്തെ ചില മാധ്യമമേലാളന്മാരാണ്. റേറ്റിങ് മാത്രം ലക്ഷ്യമിട്ട് നടത്തുന്ന മാധ്യമപ്രവർത്തനം എത്രമാത്രം അധാർമ്മികമാവാം എന്നതിന്റെ ഏറ്റവും വലിയ സമീപകാല ഉദാഹരണമാണ് ജെ.എൻ.യു. സംഭവം.

മാധ്യമപ്രവർത്തകർക്ക് നിഷ്പക്ഷരാവാൻ കഴിയില്ല. ശരിയുടെ പക്ഷത്താണ് ഞങ്ങൾ. ചിലപ്പോഴൊക്കെ സർക്കാരിനെതിരെ പ്രതിപക്ഷത്തിന്റെ റോൾ മാധ്യമങ്ങൾ ഏറ്റെടുക്കുന്നത് അതിനാലാണ്. സർക്കാർ ചെയ്യുന്നത് ശരിയാണെങ്കിൽ അവരെ അനുകൂലിക്കുകയും പ്രതിപക്ഷം തെറ്റുചെയ്യുമ്പോൾ വിമർശിക്കുകയും ചെയ്യുന്നുണ്ടെന്നുള്ളതും കാണണം. എന്നാൽ, ഇപ്പോൾ എല്ലാ മാധ്യമപ്രവർത്തകരും ശരിയുടെ പക്ഷത്താണെന്നു പറയാനാവില്ല. ചിലരെങ്കിലും നഗ്നമായ പക്ഷപാതിത്വം പ്രകടിപ്പിക്കുന്നു, ആ പക്ഷം തെറ്റാണെങ്കിൽക്കൂടി. തങ്ങൾ നിൽക്കുന്ന പക്ഷം ശരിയാണെന്നു തെളിയിക്കാൻ എല്ലാ ദുഷ്പ്രവൃത്തികളും ചെയ്യുന്നു. വാർത്താദൃശ്യങ്ങൾ അസ്ഥാനത്ത് എഡിറ്റ് ചെയ്ത് വിപരീതാർത്ഥം സൃഷ്ടിക്കുന്നു. മറ്റൊരു ദൃശ്യത്തിന്റെ ശബ്ദം സന്നിവേശിപ്പിച്ച് കൃത്രിമ തെളിവ് സൃഷ്ടിക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ മാധ്യമപ്രവർത്തനം വ്യഭിചരിക്കപ്പെടുന്നു. പാവം ജനം ഇതുകണ്ട് അമ്പരന്നു നിൽക്കുന്നു.

മാധ്യമങ്ങൾ വിമർശനങ്ങൾക്ക് അതീതരല്ല മിക്കവാറുമെല്ലാ മാധ്യമപ്രവർത്തകരും ഇതുതന്നെ പറയും. പക്ഷേ, വേറാരെങ്കിലും വിമർശിക്കാൻ വന്നാൽ സംഘടിതമായി അത് ചെറുക്കും. വിമർശനമെന്നാൽ സ്വയംവിമർശനം മാത്രം. സ്വയംവിമർശനം എന്നതുതന്നെ പൂർണ്ണ അർത്ഥത്തിലല്ല. ഒരു മാധ്യമപ്രവർത്തകന്റെ ദുഷ്ചെയ്തിയെ മറ്റൊരു മാധ്യമപ്രവർത്തകൻ വിമർശിക്കുന്നു. ഒരേ മേഖലയിൽ നിന്നുള്ള വിമർശനമായതുകൊണ്ടു മാത്രം സ്വയംവിമർശനം. കൂട്ടത്തിൽ വലിയൊരു വിഭാഗം സ്വയം 'വിശുദ്ധ പശു' ചമയുന്നുണ്ട്. അതൊരു മിഥ്യാധാരണയാണെന്ന് വിവരമുള്ളവർക്കറിയാം. വിവരദോഷം ഒരു കുറ്റമല്ലല്ലോ!

ജവഹർലാൽ നെഹ്റു സർവ്വകലാശാലയിൽ ഫെബ്രുവരി 9, 11 തീയതികളിൽ ഉണ്ടായ സംഭവവികാസങ്ങൾ രണ്ടു മുഖ്യധാരാ മാധ്യമങ്ങൾ "കൈകാര്യം' ചെയ്ത രീതി നോക്കിയാൽ മതി വിലയിരുത്തൽ ശരിയാണെന്നു ബോദ്ധ്യപ്പെടാൻ. സീ ന്യൂസ്, ടൈംസ് നൗ എന്നീ വാർത്താചാനലുകളാണ് ഇവിടെ പരാമർശവിധേയം. ജെ.എൻ.യു. കാമ്പസിലുണ്ടായ ഒരു ഒത്തുചേരലിന്റെ ദൃശ്യങ്ങൾ ഈ രണ്ടു ചാനലുകളിലൂടെ വാർത്തയായി പുറത്തുവരികയും അതിന്റെ ഫലമായി ജെ.എൻ.യു. സ്റ്റുഡന്റ്സ് യൂണിയൻ പ്രസിഡന്റ് കനയ്യ കുമാർ രാജ്യദ്രോഹക്കുറ്റത്തിന് ജയിലിലാവുകയും ചെയ്തു. കനയ്യയെ ജയിലിലടയ്ക്കാൻ ഡൽഹി പൊലീസ് ആധാരമാക്കിയത് ഈ ചാനലുകളുടെ ദൃശ്യങ്ങളായിരുന്നു എന്നത് വിഷയത്തിന് ഗൗരവം വർദ്ധിപ്പിക്കുന്നു.

പാർലമെന്റ് ആക്രമണക്കേസിൽ വധശിക്ഷയ്ക്കു വിധേയനാക്കപ്പെട്ട മുഹമ്മദ് അഫ്സൽ ഗുരുവിന്റെ അനുസ്മരണം ജെ.എൻ.യുവിൽ സംഘടിപ്പിക്കാനുള്ള തീരുമാനമാണ് ഇപ്പോഴത്തെ സംഭവവികാസങ്ങൾക്ക് തുടക്കമിട്ടത്. അഫ്സൽ ഗുരുവിന് നിയമപരമായ സംരക്ഷണവും നീതിയും ലഭിച്ചില്ലെന്ന് വിശ്വസിക്കുന്നവരാണ് അതിനു മുതിർന്നത്. അതു വലിയ പാതകവും രാജ്യദ്രോഹവുമാണെന്ന് ബി.ജെ.പിയോട് ആഭിമുഖ്യമുള്ള സംഘപരിവാര സംഘടനകൾ പറയുന്നു. അതു ചെയ്തവർ രാജ്യദ്രോഹികളാണെന്ന് അവർ മുദ്രകുത്തുന്നു. പക്ഷേ, അഫ്സൽ ഗുരുവിന് നിയമപരമായ സംരക്ഷണവും നീതിയും ലഭിച്ചില്ല എന്നു വിശ്വസിക്കുകയും പരസ്യമായി പറയുകയും പറഞ്ഞുകൊണ്ടിരിക്കുകയും ചെയ്യുന്ന പി.ഡി.പിയുമായി ജമ്മു കശ്മീരിൽ അതേ ബി.ജെ.പി. ഭരണം പങ്കിടുന്നു എന്നത് വേറെ കാര്യം. അധികാരത്തിന്റെ അപ്പക്കഷണത്തിനു വേണ്ടി രാജ്യദ്രോഹികളുമായി ചേരാം! അതെന്തോ ആകട്ടെ, ഫെബ്രുവരി 9ന് ചേർന്ന യോഗത്തിന്റെ തുടർച്ചയായി വിഘടനവാദ മുദ്രാവാക്യങ്ങൾ ഉയർന്നു. അതു ജെ.എൻ.യുവിലെ വിദ്യാർത്ഥികൾ തന്നെ സ്ഥിരീകരിക്കുന്നുണ്ട്. പക്ഷേ, ഇന്ത്യാവിരുദ്ധ മുദ്രാവാക്യം വിളിച്ചവർ കാമ്പസിലുള്ളവർ ആയിരുന്നില്ലെന്ന് വിദ്യാർത്ഥികൾ ആണയിടുന്നുമുണ്ട്.



ഉമർ ഖാലിദ്

അഫ്സൽ ഗുരു അനുസ്മരണം വിവാദമായതിനെത്തുടർന്ന് ജെ.എൻ.യു. വിദ്യാർത്ഥികൾ ഫെബ്രുവരി 11ന് ഒത്തുചേരുന്നു. കാര്യങ്ങൾ വിശദീകരിച്ച് വിദ്യാർത്ഥി യൂണിയൻ പ്രസിഡന്റും എ.ഐ.എസ്.എഫ്. നേതാവുമായ കനയ്യ കുമാർ സംസാരിക്കുന്നു. അതിനു ശേഷം കനയ്യ മുദ്രാവാക്യങ്ങൾ വിളിച്ചുകൊടുക്കുന്നു. ആ മുദ്രാവാക്യങ്ങളുടെ പേരിൽ കനയ്യ രാജ്യദ്രോഹക്കുറ്റത്തിന് പിടിയിലുമായി. കനയ്യ പിടിയിലാവാൻ കാരണം അദ്ദേഹം വിളിച്ച ഇന്ത്യാവിരുദ്ധ മുദ്രാവാക്യങ്ങളുടെ വാർത്ത സീ ന്യൂസാണ് പുറത്തുവിട്ടത്. ടൈംസ് നൗ അത് ഏറ്റെടുത്തു. ഡൽഹി പൊലീസിന് വേറെ തെളിവൊന്നുമില്ല. ചാനലുകളിൽ നിന്നു ശേഖരിച്ച ദൃശ്യങ്ങൾ മാത്രം.

ചാനലിൽ നിന്ന് ദൃശ്യങ്ങൾ തെളിവായി സ്വീകരിക്കുന്നത് പൊലീസിന്റെ പതിവാണ്. തിരുവനന്തപുരത്ത് ഹയർ സെക്കൻഡറി ഡയറക്ടറായിരുന്ന കേശവേന്ദ്ര കുമാറിന്റെ മേൽ കെ.എസ്.യുക്കാർ കരിഓയിൽ ഒഴിച്ച വേളയിൽ പ്രതികളെ പിടിക്കാൻ പൊലീസ് ആശ്രയിച്ചത് ഇന്ത്യാവിഷനിൽ നിന്നു ശേഖരിച്ച ദൃശ്യങ്ങളാണ്. സംഭവം നടക്കുമ്പോൾ ഇന്ത്യാവിഷൻ ക്യാമറാമാനായിരുന്ന ബിനീഷ് നായർ മാത്രമാണ് സ്ഥലത്തുണ്ടായിരുന്നത്. മറ്റു ചാനലു

GREEN BOOKS

ഒരു ഗ്രാമത്തിന്റെ ഹൃദയമായിത്തീർന്ന മനുഷ്യന്റെ കഥ




കാണുന്ന ലോകത്തെയല്ല; അതിനുമപ്പുറത്തുള്ള മറ്റൊരു ലോകത്തെ നമ്മുടെ അകക്കണ്ണിൽ കാട്ടിത്തരികയാണ് നോവലിസ്റ്റ്. അപ്രതീക്ഷിതമായി നമുക്കു കിട്ടുന്ന കാഴ്ചയുടെ ആവിഭ്രമിപ്പിക്കലാണ് ഈ നോവൽ നമുക്കു നൽകുന്ന ആഘാതം–അതാണ് എന്നെ ആഹ്ലാദിപ്പിക്കുന്നതും.

– പെരുമ്പടവം ശ്രീധരൻ

**വഴികൾ അവസാനിക്കുന്നില്ല**

**കല്ലിയൂർ ഗോപകുമാർ**

നോവൽ, വില:250.00



info@greenbooksindia.com
തൃശൂർ ● പാലക്കാട് ● കണ്ണൂർ
തിരുവനന്തപുരം
Phone: 0487 - 2422515, 0487-2361038
0487-2364439
0491 - 2546162, 0497-2763038

Online Bookstore
**www.greenbooksindia.com**



കൾ ഉപയോഗിച്ചതും ബിനീഷിന്റെ ദൃശ്യങ്ങളുടെ പകർപ്പ് തന്നെ. അതുപോലെ ഒരു നിരപരാധിയെ രക്ഷിക്കാനും വാർത്താ ക്യാമറാമാൻ പകർത്തിയ ദൃശ്യങ്ങൾ ഉപയോഗപ്പെട്ടിട്ടുണ്ട്. ഡൽഹി മാനഭംഗത്തിനെതിരായ പ്രതിഷേധത്തിനിടെ ഒരു പൊലീസുകാരൻ മരിക്കാനിടയായത് മർദ്ദനമേറ്റല്ല, മറിച്ച് ഹൃദയാഘാതത്തെ തുടർന്നാണ് എന്നു തെളിഞ്ഞത് ഇന്ത്യാവിഷനിലെ തന്നെ ബിബിൻ ജെയിംസ് പകർത്തിയ ദൃശ്യങ്ങളിലൂടെയാണ്. നെഞ്ചിൽ പിടിച്ചു കുഴഞ്ഞുവീണ പൊലീസുകാരനെ ആരോപണവിധേയനായ വ്യക്തി സഹായിക്കാൻ ശ്രമിക്കുന്ന ആ ദൃശ്യങ്ങളില്ലായിരുന്നുവെങ്കിൽ ഒരു നിരപരാധിയെ ഡൽഹി പൊലീസ് കൊലപാതകിയാക്കിയേനെ. നേരിട്ട് അറിയാവുന്ന കാര്യങ്ങൾ എന്ന നിലയ്ക്ക് മാത്രമാണ് ഇന്ത്യാവിഷനിലെ അനുഭവങ്ങൾ പങ്കുവച്ചത്. ഇതു പറഞ്ഞത് ദൃശ്യങ്ങൾ സ്വീകരിക്കുന്നതിൽ തെറ്റില്ല എന്നു പറയാൻ തന്നെ.

പക്ഷേ, ബാഹ്യസ്രോതസ്സുകളിൽ നിന്നു പൊലീസ് ശേഖരിക്കുന്ന ദൃശ്യങ്ങൾ ആധാരമാക്കി കേസെടുക്കുന്നതിനു മുമ്പ് സാധാരണഗതിയിൽ അതിന്റെ വിശ്വാസ്യത ബോദ്ധ്യപ്പെടാൻ ഫോറൻസിക് പരിശോധന നടത്താറുണ്ട്. ദൃശ്യങ്ങൾ എഡിറ്റ് ചെയ്ത് വക്രീകരിച്ചിട്ടില്ല എന്നു വ്യക്തമാകാൻ അതാവശ്യമാണ്. എന്നാൽ, ജെ.എൻ.യു. സംഭവത്തിൽ ഡൽഹി പൊലീസ് എന്തുകൊണ്ടോ അതിനു തയ്യാറായതായി തോന്നുന്നില്ല. അതിനാലാണ് ഇപ്പോൾ കനയ്യക്കെതിരായ രാജ്യദ്രോഹക്കുറ്റം തെളിയിക്കാനാവാതെ അവരുഴലുന്നത്. മറ്റാരുടെയോ നിർദ്ദേശപ്രകാരം നാടകമാടുമ്പോൾ ദൃശ്യങ്ങളുടെ കൃത്യത നോക്കാൻ ആർക്കാണു സമയം!

സീ ന്യൂസും ടൈംസ് നൗവും പുറത്തുവിട്ടതും കനയ്യ കുമാറിന്റെ രാജ്യദ്രോഹക്കുറ്റം തെളിയിക്കുന്നതിനായി പരിവാരക്കാർ വ്യാപകമായി പ്രചരിപ്പിച്ചതുമായ വീഡിയോ കൃത്രിമമായി സൃഷ്ടിക്കപ്പെട്ടതാണെന്ന വിവരം ആരെയും ഞെട്ടിക്കുന്നതാണ്. ഫെബ്രുവരി 11ന് നടന്ന ഒത്തുചേരലിനു ശേഷം കനയ്യയും കൂട്ടരും വിളിക്കുന്ന ദേശവിരുദ്ധ മുദ്രാവാക്യങ്ങൾ സീ ന്യൂസ്, ടൈംസ് നൗ വീഡിയോകളിൽ കാണാം. എന്നാൽ, ദൃശ്യങ്ങൾ പൂർണ്ണമല്ല. ശബ്ദത്തിൽ ചെറിയ അവ്യക്തതയുമുണ്ട്.

ഹം ക്യാ ചാഹ്തെ ഹൈ ആസാദി
ഹക് ഹൈ ഹമാരാ ആസാദി
ഹം ലേക്കെ രഹേംഗെ ആസാദി
കശ്മീർ മാംഗെ ആസാദി
ഹം ലേക്കെ രഹേംഗെ ആസാദി

ഞങ്ങൾക്ക് വേണ്ടത് സ്വാതന്ത്ര്യം, ഞങ്ങളുടെ അവകാശം സ്വാതന്ത്ര്യം, സ്വാതന്ത്ര്യം ഞങ്ങൾ നേടിയെടുക്കും, കശ്മീർ സ്വാതന്ത്ര്യം ആവശ്യപ്പെടുന്നു എന്നിങ്ങനെ പോകുന്നു മുദ്രാവാക്യം വിളികൾ. ഇതിൽ ചുറ്റുമുള്ളവരും മുദ്രാവാക്യം വിളിക്കുന്നുണ്ട്. കനയ്യയുടേതായി വ്യക്തമായി കേൾക്കാവുന്നത് 'ഹം ലേക്കെ രഹേംഗെ ആസാദി' എന്ന വരി മാത്രമാണ് എങ്കിലും രാജ്യദ്രോഹത്തിന് കേസെടുക്കുന്നത് സ്വാഭാവികമായും അംഗീകരിക്കപ്പെടാം.

എന്നാൽ, അതേ സംഭവം മറ്റൊരു കോണിൽ നിന്നു ചിത്രീകരിച്ച ദൃശ്യങ്ങൾ പിന്നീട് പുറത്തുവന്നു. ദൃശ്യത്തിന് കൂടുതൽ സമയദൈർഘ്യം. കൂടുതൽ വ്യക്തമായ ശബ്ദത്തിൽ മുദ്രാവാക്യം വിളി കേൾക്കാം. ഇതിൽ പൂർണ്ണമായും മുദ്രാവാക്യം വിളിച്ചു കൊടുക്കുന്നത് കനയ്യയാണ്. ചുറ്റുമുള്ളവർ മറുപടി മാത്രം വിളിക്കുന്നു.

ഭൂഖ്മരി സെ ആസാദി
സംഘ്‌വാദ് സെ ആസാദി
സാമന്ത്‌വാദ് സെ ആസാദി
പൂർജിവാദ് സെ ആസാദി
ബ്രാഹ്മണവാദ് സെ ആസാദി
മനുവാദ് സെ ആസാദി
ഹർ ദംഗായിയോം സെ ആസാദി
ഹം ലേക്കെ രഹേംഗെ ആസാദി
തും കുഛ് ഭി കർ ലോ ആസാദി
ഹൈ ഹക് ഹമാരി ആസാദി
ഹൈ ജ്ജാൻ സെ പ്യാരി ആസാദി

പട്ടിണിമരണത്തിൽ നിന്ന്, ആർ.എസ്.എസ്സിൽ നിന്ന്, ബ്രാഹ്മണവാദത്തിൽ നിന്ന്, മനുവാദത്തിൽ നിന്ന്, കലാപകാരികളിൽ നിന്ന് എല്ലാം ഞങ്ങൾ സ്വാതന്ത്ര്യം നേടും. നിങ്ങൾ എന്തൊക്കെ ചെയ്താലും ഞങ്ങൾ സ്വാതന്ത്ര്യം നേടുക തന്നെ ചെയ്യും എന്നാണ് മുദ്രാവാക്യം. സ്വാതന്ത്ര്യം ഞങ്ങളുടെ അവകാശമാണ്, സ്വാതന്ത്ര്യത്തിന് ജീവനേക്കാൾ വിലയുണ്ട് എന്നും കനയ്യ വിളിച്ചുപറഞ്ഞു. ഈ വീഡിയോ ഇന്ത്യാ ടുഡെ ടിവി പുറത്തുവിട്ടു. പ്രൈംടൈമിൽ തന്നെയാണ് ഇന്ത്യാ ടുഡേയിലെ രാഹുൽ കമാൽ വീഡിയോ തട്ടിപ്പ് വെളിച്ചത്തുകൊണ്ടുവന്നത്.

എങ്ങനെയാണ് തട്ടിപ്പ് നടത്തിയത്? ഫെബ്രുവരി 11ന് കനയ്യ വിളിച്ച മുദ്രാവാക്യത്തിൽ നിന്ന് "ഞങ്ങൾ സ്വാതന്ത്ര്യം നേടുക തന്നെ ചെയ്യും' എന്ന ഭാഗം അടർത്തിയെടുത്തു. അതിനൊപ്പം ഫെബ്രുവരി 9ന് നടന്ന അഫ്സൽ ഗുരു അനുസ്മരണത്തിനു ശേഷമുയർന്ന കശ്മീർ വിഘടനവാദ മുദ്രാവാക്യങ്ങൾ കൂട്ടിച്ചേർത്തു. വീഡിയോയിൽ ചുണ്ടനക്കം യോജിച്ചു വരുന്ന രൂപത്തിൽ ശബ്ദം ഒപ്പിച്ചെടുത്തു. സംഗതി ജോർ. പഴയ ടാം, ഇപ്പോൾ ബാർക് റേറ്റിങ് കൂട്ടാൻ ഇതിലേറെ വല്ലതും വേണോ? തട്ടിപ്പ് സംശയാതീതമായി തെളിയിക്കപ്പെട്ടു കഴിഞ്ഞിട്ടും സീ ന്യൂസിലെ സുധീർ ചൗധരിക്കും ടൈംസ് നൗവിലെ അർണബ് ഗോസ്വാമിക്കും ഒരു കൂസലുമില്ല. അവർക്ക് ആരെയൊക്കെയോ തൃപ്തിപ്പെടുത്താനുണ്ട്. അതിനു വേണ്ടി അവർ അപകടത്തിലാക്കിയത് രാജ്യത്തെ ഭാവിവാഗ്ദാനമായ ഒരു ചെറുപ്പക്കാരന്റെ ഭാവിയാണ്.

ആരാണ് സുധീർ ചൗധരി? നമ്മൾ മലയാളികൾക്ക് അത്ര പരിചിതനല്ല ഇദ്ദേഹം. ആളെ മനസ്സിലാകാൻ ഒരു പഴയ കഥ പറയാം. 2007ൽ നടന്ന കഥ. മധ്യ ഡൽഹിയിലെ സർക്കാർ സ്കൂളായ സർവോദയ കന്യാ വിദ്യാലയത്തിലെ കണക്കു ടീച്ചറായ ഉമാ ഖുരാനയുടെ ജീവിതം തകർത്ത വാർത്തയുടെ കഥ.

അക്കാലത്താണ് "ജൻ മത്' എന്ന ഹിന്ദി വാർത്താ ചാനൽ "ലൈവ് ഇന്ത്യ' എന്ന് പേര് മാറ്റുന്നത്. പഴയ വീഞ്ഞ് പുതിയ കുപ്പിയിലാക്കിയെങ്കിലും പ്രേക്ഷകർ തിരിച്ചറിഞ്ഞു. അങ്ങനെ ചാനൽ പ്രതിസന്ധിയിലേക്ക് നീങ്ങുന്നതിനിടെ സ്ഥാപനത്തിന് പുതിയ മേധാവി എത്തി –സുധീർ ചൗധരി. അദ്ദേഹം വന്നപാടേ വെടിക്കെട്ട് പൊട്ടിച്ചു. ഉമാ ഖുരാനയായിരുന്നു വാർത്താതാരം. സ്വന്തം വിദ്യാർത്ഥിനികളെ ഉപയോഗിച്ച് ഉമാ ഖുരാന പെൺവാണിഭ സംഘം നടത്തുന്നു എന്നായിരുന്നു ലൈവ് ഇന്ത്യയുടെ ഒളിക്യാമറാ വാർത്ത. ഒപ്പം ഒരു ഹൈസ്കൂൾ പെൺകുട്ടിയുടെ അനുഭവ സാക്ഷ്യവും. വാർത്ത വന്നതോടെ ഡൽഹി ഇളകി മറിഞ്ഞു. പ്രത്യേകിച്ച്, ഉമാ ഖുരാനയുടെ


പുതിയകാലം. പുതിയ എഴുത്ത്.

യാത്ര



₹ 140



രുചിപ്പയണം

കൊതിയൂറുന്ന താളുകളുള്ള യാത്രാപുസ്തകം

സി.നാരായണൻ

നാവിന്റെ രസമുകുളങ്ങളെയും മനസ്സിന്റെ
സഞ്ചാരമുകുളങ്ങളേയും തൃപ്തിപ്പെടുത്തുന്ന രചന

യാത്ര



₹ 90



നിലാവ് പെയ്യുന്ന കടൽ

മനോജ് മാതിരപ്പള്ളി

ലക്ഷദ്വീപിലെ കടലനുഭവങ്ങളും ദ്വീപിലെ ഗ്രാമപാതകളിലൂടെ
സഞ്ചരിച്ച നേരറിവും സമന്വയിപ്പിക്കുന്ന യാത്രാപുസ്തകം

Shop online from **www.tbsbook.com**
and avail special offers

POORNA SINCE 1966

പൂർണ പബ്ലിക്കേഷൻസ്
കോഴിക്കോട് – 673001
Ph: 9656000373 e-mail : tbsbook@gmail.com

കോഴിക്കോട് • കണ്ണൂർ • കൽപ്പറ്റ • തൃശ്ശൂർ • കോട്ടയം • തിരുവനന്തപുരം

എല്ലാതരം ഇംഗ്ലീഷ് മലയാളം പുസ്തകങ്ങളും ലഭിക്കുന്ന
കേരളത്തിലെ ഏറ്റവും വലിയ പുസ്തകശാലാശൃംഖല




## രഞ്ജിത്ത് ചാരപ്രവർത്തനത്തിന് പിടിയിലായപ്പോൾ കേരളത്തിലെ ഒരു പ്രമുഖ പത്രം തലക്കെട്ടു നൽകിയത് "ചാരപ്രവർത്തനത്തിന് മലപ്പുറം സ്വദേശി പിടിയിൽ" എന്നാണ്, മലയാളി പിടിയിൽ എന്നല്ല. മലപ്പുറവുമായി ചേർത്തു പറയുന്നതിന്റെ ദുരർത്ഥം ആർക്കാണ് മനസ്സിലാവാത്തത്?

വീട് നിന്നിരുന്ന പഴയ ഡൽഹിയിലെ ദരിയാഗഞ്ച് അടക്കമുള്ള സ്ഥലം. കുപിതരായ ജനക്കൂട്ടം അധ്യാപികയെ കയ്യേറ്റം ചെയ്തു, അവരെ കല്ലെറിഞ്ഞു. അധ്യാപികയെ പൊലീസ് കോടതിയിലാക്കി റിമാൻഡ് ചെയ്തു. ഉമാ ഖുരാനയ്ക്ക് ജോലിയും പോയി. അങ്ങനെ കണക്ക് അധ്യാപികയുടെ പണി തെറിപ്പിച്ച ചാനൽ മേധാവിയുടെ കണക്കു കൂട്ടൽ ശരിയായി. ലൈവ് ഇന്ത്യ ചാനൽ ഹിറ്റായി.

യഥാർത്ഥ കഥ പിന്നീട് പുറത്തുവന്നു, അധികമാരും അറിഞ്ഞില്ലെന്നു മാത്രം. അധ്യാപികയെ അകത്തിട്ട അതേ പൊലീസിന്റെ അന്വേഷണത്തിൽ പെൺവാണിഭ കഥ വ്യാജമെന്ന് തെളിഞ്ഞു. സംഭവം റിപ്പോർട്ട് ചെയ്ത പ്രകാശ് സിങ്ങും പത്താം ക്ലാസുകാരിയായി അഭിനയിച്ച സുഹൃത്ത് രശ്മി സിങ്ങും പൊലീസ് പിടിയിലായി. ഉമാ ഖുരാനയ്ക്ക് പണം നല്കാനുള്ള സുഹൃത്ത് വീരേന്ദർ അറോറയ്ക്കു വേണ്ടിയാണ് ഇങ്ങനൊക്കെ ചെയ്തതെന്ന് പ്രകാശ് സിങ് മൊഴി നല്കി. നുണക്കഥയെതുടർന്ന് ലൈവ് ഇന്ത്യയുടെ സംപ്രേഷണം കേന്ദ്ര സർക്കാർ ഒരു മാസത്തേക്ക് നിരോധിച്ചു. പക്ഷേ, അതുകൊണ്ട് ഉമാ ഖുരാനയുടെ നഷ്ടം നികത്തപ്പെട്ടോ?

ഇനി സുധീർ ചൗധരി നായകനായി 2012-ൽ അരങ്ങേറിയ കഥ. കൽക്കരിപ്പാടം കൈമാറ്റ അഴിമതി കത്തി നില്ക്കുന്ന കാലം. അപ്പോഴേക്കും ലൈവ് ഇന്ത്യയിൽ നിന്ന് അദ്ദേഹം സീ ന്യൂസ് മേധാവിയായെത്തിയിരുന്നു. സീ ബിസിനസ് മേധാവി സമീർ അലുവാലിയയ്ക്കൊപ്പം സുധീർ ചൗധരി കോൺഗ്രസ് എം.പിയും വ്യവസായിയുമായ നവീൻ ജിൻഡാലിനെ കണ്ടു. ഒന്നല്ല, നാലു വട്ടം. സന്ദർശനദൗത്യം ഒന്നേയുള്ളൂ. കൽക്കരിപ്പാടം കൈമാറ്റ വാർത്തകളിൽ നിന്ന് ജിൻഡാൽ ഗ്രൂപ്പിനെ ഒഴിവാക്കാം. പ്രതിഫലമായി 100 കോടി നല്കണം. കൂടിക്കാഴ്ചയ്ക്ക് മുൻപുള്ള ഫോൺ വിളിയിൽത്തന്നെ കാര്യങ്ങൾ പിടികിട്ടിയ നവീൻ ജിൻഡാൽ ചർച്ചകൾ ഒളി കാമറയിൽ പകർത്തി പുറത്തു വിട്ടു. ഇതോടെ ഉരുണ്ടു മറിഞ്ഞ സുധീർ ചൗധരിയെ ബ്രോഡ്കാസ്റ്റ് എഡിറ്റേഴ്സ് അസോസിയേഷൻ ട്രഷറർ സ്ഥാനത്തും നിന്നു നീക്കി. കേന്ദ്രം അടുത്തിടെ എക്സ് കാറ്റഗറി സുരക്ഷ നൽകി സുധീർ ചൗധരിയെ സംരക്ഷിക്കുന്നുണ്ട്!!

മാധ്യമപ്രവർത്തക സമൂഹത്തിനാകെ അപമാനമാണ് അർണബ് ഗോസ്വാമി. വിയോജിക്കുന്നവരുണ്ടാവാം, വിരോധമില്ല. വിയോജിപ്പുകളോട് അസഹിഷ്ണുതയില്ല. ടെലിവിഷൻ എന്ന മാധ്യമത്തിന്റെ ശക്തി ഉപയോഗിക്കാൻ ടിയാനെ കഴിഞ്ഞിട്ടേ ആരെങ്കിലുമുള്ളൂ. പക്ഷേ, ശക്തിയുടെ ആ ഉപയോഗം ഭൂരിഭാഗം സമയത്തും ദുരുപയോഗമാവുന്നു എന്നതാണ് ദുരന്തം. ഇപ്പോൾ അർണബ് ഗോസ്വാമിയും സുധീർ ചൗധരിയുമെല്ലാം ടെലിവിഷൻ സ്റ്റുഡിയോയിൽ കയറിയിരിക്കുന്നത് മാധ്യമപ്രവർത്തകരായല്ല, മറിച്ച് ദൈവങ്ങളായിട്ടാണ്. അവിടെയിരുന്ന് മുഴുവൻ ജനങ്ങളുടെയും വിധി അവരെഴുതുന്നു. ഇവർ അവതരിപ്പിക്കുന്നത് വാർത്താ പരിപാടികളല്ല, മറിച്ച് റിയാലിറ്റി ഷോകളാണ്.

മാധ്യമപ്രവർത്തനത്തിന്റെ അടിസ്ഥാന തത്ത്വങ്ങളാണ് റേറ്റിങ്ങിനു വേണ്ടി അഭിനവ അർണബുമാർ കാറ്റിൽപ്പറത്തുന്നത്. ഏതൊരു കുറ്റവാളിയും കുറ്റം തെളിയിക്കുന്നതു വരെ നിരപരാധിയാണ്. ആ കുറ്റവാളിക്കെതിരായ കേസിന്റെ വിശദാംശങ്ങൾ വാർത്തയാക്കാം, അന്വേഷണത്തെക്കുറിച്ച് ചോദ്യങ്ങളുയർത്താം, പക്ഷേ, എല്ലാം നീതിപൂർവ്വകമായ പരിധിക്കുള്ളിലായിരിക്കണം. ഇവിടെ കോടതിയിൽ കേസെത്തും മുമ്പു തന്നെ വിചാരണയും ശിക്ഷാവിധിയുമൊക്കെ ടെലിവിഷൻ സ്റ്റുഡിയോയിൽ പൂർത്തിയാക്കുകയാണ് പതിവ്.

അർണബിനോട് വിരോധമൊന്നുമില്ല. പക്ഷേ, ജെ.എൻ.യു. വിഷയം കയ്യിലെടുത്ത് ടെലിവിഷൻ സ്റ്റുഡിയോയിലിരുന്ന് ഈ "ആസാമി' അഴിച്ചുവിട്ട ഭീകരതയ്ക്ക് സമാനതകളില്ല. ചർച്ചയ്ക്കുള്ള അതിഥിയെന്ന പേരിൽ ഉമർ ഖാലിദ് എന്ന ചെറുപ്പക്കാരനെ വിളിച്ചിരുത്തി ഭീഷണിപ്പെടുത്തുന്നു, കോളേജിലേതു പോലെ പ്രാകൃതമായി റാഗ് ചെയ്യുന്നു. തീവ്രവാദിയെന്നും രാജ്യദ്രോഹിയെന്നും മുദ്രകുത്തി ആ യുവാവിനെ വാ തുറക്കാൻ അനുവദിക്കാതെ അടിച്ചിരുത്തുന്നു. എന്ത് തെളിവിന്റെ അടിസ്ഥാനത്തിലായിരുന്നു 'ദൈവത്തിന്റെ' നടപടി എന്നു മാത്രം മനസ്സിലായില്ല.




ഉമർ ഖാലിദ് എന്ന യുവാവിനെ കശ്മീരിയാക്കിയത് സുധീറും അർണബും ചേർന്നാണ്. അയാളെ പിന്നീട് പാക് ഭീകര സംഘടനകളുടെ അടുപ്പക്കാരനാക്കി. എത്രയെളുപ്പം അവർ അതൊക്കെ ചെയ്തു. ഉമർ ഖാലിദിനു കശ്മീരുമായി കുടുംബബന്ധമേ ഇല്ല. മഹാരാഷ്ട്രയിലെ അമരാവതി ജില്ലക്കാരനാണ് ഉമറിന്റെ ബാപ്പ. വിദേശ സർവകലാശാലകളിൽ പഠിക്കാൻ സ്കോളർഷിപ് കിട്ടിയിട്ടും പാസ്പോർട്ടിന് പോലും ഇതുവരെ അപേക്ഷിക്കാത്ത ഉമറിനെ അവർ നാലുവട്ടം പാകിസ്ഥാൻ സന്ദർശിച്ചവനെന്ന് മുദ്ര കുത്തി.

സീ ന്യൂസും അർണബുമൊക്കെ ദേശസ്നേഹം പൊതിഞ്ഞു തരുമ്പോൾ കേരളത്തിലും കിട്ടി ഒരുത്തമ പങ്കാളി. ഉമർ ഖാലിദിനു ഐ.എസുമായി ബന്ധമുണ്ടെന്നും സി.പി.ഐ. നേതാവ് ഡി.രാജയുടെ മകൾ അപരാജിത ഉമറിന്റെ സുഹൃത്താണെന്നും കണ്ടെത്തൽ നടത്തിക്കഴിഞ്ഞു ഇവിടെ മംഗളം പത്രം. ഉമറുമായി കൂട്ട് കൂടുന്നത് മഹാ അപരാധമെന്ന മട്ടിലാണ് വാർത്ത.

മാധ്യമപ്രവർത്തകർക്ക് വസ്തുതകളെക്കുറിച്ച് നല്ല ധാരണയുണ്ടാകേണ്ടത് അത്യന്താപേക്ഷിതമാണ്. രാജ്യദ്രോഹക്കുറ്റം എന്താണെന്നതിനെക്കുറിച്ച് അർണബ് ഗോസ്വാമിയും സുധീർ ചൗധരിയും ഈ രാജ്യത്തെ മുതിർന്ന നിയമവിദഗ്ദ്ധരിൽ നിന്ന് മനസ്സിലാക്കുന്നത് നന്നായിരിക്കും. പക്ഷേ, ഏതോ മേലാളന്മാർക്കു വേണ്ടി വായിട്ടലയ്ക്കുന്ന അർണബുമാരും സുധീർമാരും അറിയുന്നില്ല അവർ തീകൊണ്ടു തല ചൊറിയുകയാണെന്ന്. മതത്തിന്റെയും ജാതിയുടെയും പേരിൽ ഇപ്പോൾ തന്നെ ഭിന്നിപ്പിക്കപ്പെട്ടിരിക്കുന്ന ഈ രാജ്യത്ത് രാജ്യസ്നേഹികളും രാജ്യദ്രോഹികളും എന്നൊരു പുതിയ വിഭജനം നടപ്പാക്കുകയാണ് തങ്ങളുടെ വാർത്താ ചാനലിലെ റിയാലിറ്റി ഷോയിലൂടെ ഇവർ ചെയ്യുന്നത്. പണ്ട് ബ്രിട്ടീഷുകാരൻ ഈ തന്ത്രം പയറ്റിയതിന്റെ ഫലമാണ് പാകിസ്ഥാനും ഇപ്പോൾ ഉണ്ടായിട്ടുള്ള വിവാദവും. ഇനി ഒരു വിഭജനം കൂടി താങ്ങാൻ ഭാരതമാതാവിന് ശേഷിയില്ല. പക്ഷേ, പണം മാത്രം ലക്ഷ്യമാകുന്നവർക്ക് എന്ത് ഭാരതം എന്ത് മാതാവ്!!

അർണബിന്റെയും സുധീറിന്റെയും ചെയ്തികൾ മാധ്യമപ്രവർത്തകരുടെയാകെ വിലയിടിച്ചിരിക്കുന്നു. മാധ്യമപ്രവർത്തകരെ കുരിശിൽ തറയ്ക്കാൻ കാത്തിരിക്കുന്നവർക്ക് ഇത് സുവർണ്ണാവസരം. പക്ഷേ, അപ്പോഴും എൻ.ഡി.ടി.വിയിലെ രവീഷ് കുമാറിനെപ്പോലുള്ള മാധ്യമപ്രവർത്തകർ പ്രതീക്ഷയുടെ ചെറുതിരിനാളമാവുന്നുണ്ട്. രാജ്യസ്നേഹത്തിന്റെ സർട്ടിഫിക്കറ്റ് വിതരണക്കാർക്കും നിലപാട് വിശദീകരിക്കാൻ വിളിച്ചു വരുത്തിയ അതിഥിയെ അതിന് അനുവദിക്കാതെ രാജ്യദ്രോഹിയെന്ന് അലറി ആക്രോശിച്ച അർണബിനും പിന്നെ സകലമാന അസഹിഷ്ണുക്കൾക്കും ഉചിത മറുപടിയാണ് രവീഷ് നൽകിയത്.

അസഹിഷ്ണുതയും ആക്രോശവും നിറയുന്ന കാലത്ത് രാത്രി ഒമ്പതു മണി ചർച്ചയും സ്ക്രീനും ഇരുളിലാക്കുക. അങ്ങനെ, കരിങ്കൊടി വീശുന്നതിനേക്കാൾ ശക്തമായി ഡൽഹി അധികാര കേന്ദ്രങ്ങൾക്കും നിയമം കയ്യിലെടുക്കുന്ന സംഘ പരിവാരങ്ങൾക്കും മുഖമടച്ച് ഒന്ന്പൊട്ടിക്കുക. ഏതായാലും പ്രതികരണത്തിന്റെ പുത്തൻ മാതൃകയായി ഇത്. തീർത്തും നിരാശരാകേണ്ടെന്ന് എൻ.ഡി.ടി.വിയുടെയും ഇന്ത്യാ ടുഡെയുടെയും എ.ബി.പി. ന്യൂസിന്റെയും ടെലിഗ്രാഫിന്റെയും നമ്മുടെ മലയാളം ചാനലുകളുടെയും ഈ വിഷയത്തിലെ നിലപാടുകൾ ഓർമ്മപ്പെടുത്തുന്നു.

കശ്മീരികളെല്ലാം തീവ്രവാദികളാണെന്നാണ് അർണബ് ഗോസ്വാമിയുടെ വാദം. ഇത് അംഗീകരിക്കാം. പക്ഷേ, ഇതേ മാനദണ്ഡം എല്ലാവർക്കും ബാധകമാണ്. അപ്പോൾ എല്ലാ പഞ്ചാബികളും അസമികളും തീവ്രവാദികളാവുന്നു. പഞ്ചാബികളുടേത് ഖാലിസ്ഥാൻ കമാൻഡോ ഫോഴ്സ്. അസമികളുടേത് നാഷണൽ

ഡെമോക്രാറ്റിക് ഫ്രണ്ട് ഒഫ് ബോഡോലാൻഡ്. അങ്ങനെ വരുമ്പോൾ അർണബ് ഗോസ്വാമിയും തീവ്രവാദിയാണ് ബോഡോ തീവ്രവാദി. തെളിവ് ഒരു ദിവസത്തിനകം കിട്ടും. ഡൽഹി പൊലീസിന് അന്വേഷണച്ചുമതല നൽകിയാൽ മതി!!

മലയാളികളെല്ലാം പാക് ചാരന്മാരാണെന്ന് ഗോസ്വാമി തിരിച്ചുപറയാൻ സാദ്ധ്യതയുണ്ട്. 'മലപ്പുറം സ്വദേശി' രഞ്ജിത്തിനോട് കടപ്പാട്!! രഞ്ജിത്ത് ചാരപ്രവർത്തനത്തിന് പിടിയിലായപ്പോൾ കേരളത്തിലെ ഒരു പ്രമുഖ പത്രം തലക്കെട്ടു നൽകിയത് "ചാരപ്രവർത്തനത്തിന് മലപ്പുറം സ്വദേശി പിടിയിൽ' എന്നാണ്, മലയാളി പിടിയിൽ എന്നല്ല. മലപ്പുറവുമായി ചേർത്തു പറയുന്നതിന്റെ ദുരർത്ഥം ആർക്കാണ് മനസ്സിലാവാത്തത്? പിടിയിലായത് രഞ്ജിത്തിനു പകരം സുൾഫിക്കറോ സിദ്ദിക്കോ

എന്നു പറയുന്നതിലൂടെ "സമ്പൂർണ്ണ നടൻ' നിരാകരിക്കുന്നത് നമ്മുടെ ഭരണഘടനയെയാണ്. അഭിപ്രായം പറയാനുള്ള സ്വാതന്ത്ര്യം ഭരണഘടനയുടെ 19ാം വകുപ്പിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. ആ സ്വാതന്ത്ര്യത്തിന്റെ അതിര് എത്രമാത്രമുണ്ടെന്നും ഭരണഘടനയിൽ തന്നെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. പക്ഷേ, പലരും ഇപ്പോൾ ഭരണഘടന തപ്പുന്നത് വലിച്ചുകീറാൻ വേണ്ടി മാത്രമാണ്. അഭിപ്രായം പറയാൻ ഭരണഘടന ഉറപ്പുനൽകുന്ന സ്വാതന്ത്ര്യം ഹനിക്കപ്പെടുന്നതിനെതിരായ പ്രതിഷേധവും സൈനികരുടെ മഹത്തായ ത്യാഗവും തമ്മിലെന്താണ് ബന്ധം എന്നു മനസ്സിലാവുന്നില്ല. സൈനികരുടെ ത്യാഗം ഇന്ത്യയിലെ ജനങ്ങൾക്കുവേണ്ടിയാണ്. അവരുടെ സുരക്ഷിതത്വവും സ്വാതന്ത്ര്യവും ഉറപ്പാക്കുന്നതിനു വേണ്ടിയാണ്. സ്വാതന്ത്ര്യത്തിൽ അഭിപ്രായസ്വാതന്ത്ര്യവും ഉൾപ്പെടും.



**മോഹൻലാൽ പറഞ്ഞതുകൊണ്ട് അത് ശരിയാവണമെന്നുണ്ടോ? ഇല്ല**

മുസ്തഫയോ വല്ലതുമായിരുന്നെങ്കിലോ?

## അഭിപ്രായസ്വാതന്ത്ര്യവും സൈനികന്റെ ത്യാഗവും

അഭിപ്രായസ്വാതന്ത്ര്യം അവകാശപ്പെടുന്നവരെല്ലാം രാജ്യദ്രോഹികളാണോ? അഭിപ്രായസ്വാതന്ത്ര്യം വേണമെന്നു പറയുന്നവർ അതിർത്തിയിൽ സൈനികർ അനുഷ്ഠിക്കുന്ന മഹാത്യാഗം കാണുന്നില്ലേ? സൈനികരുടെ മഹാത്യാഗം കാണാത്തവരാണ് അഭിപ്രായസ്വാതന്ത്ര്യത്തിനുവേണ്ടി മുറവിളി കൂട്ടുന്നത് എന്നു പറയുന്നത് മലയാളത്തിന്റെ സൂപ്പർ താരവും ടെറിട്ടോറിയൽ ആർമിയിൽ ലെഫ്റ്റനന്റ് കേണലുമായ പത്മശ്രീ ഡോ.ഭരത് മോഹൻലാലാണ്.

മോഹൻലാൽ പറഞ്ഞതുകൊണ്ട് അത് ശരിയാവണമെന്നുണ്ടോ? ഇല്ല. മോഹൻലാലിനോട് പൂർണ്ണമായി വിയോജിക്കുന്നു. കാരണം മിണ്ടാതിരിക്കണം

സൈനികന്റെ ത്യാഗം ഡൽഹിയിലെ പാർലമെന്റ് മന്ദിരവും കേന്ദ്ര സെക്രട്ടേറിയറ്റും പ്രധാനമന്ത്രിയുടെ ഓഫീസും പോലുള്ള കെട്ടിടങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ടിയല്ല. ഈ കെട്ടിടങ്ങളിലടക്കം രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ജീവിക്കുന്ന, ശ്വസിക്കുന്ന രാഷ്ട്രപതിയും പ്രധാനമന്ത്രിയും ഞാനും നിങ്ങളുമടക്കമുള്ള മനുഷ്യർക്കുവേണ്ടിയാണ്. ഇവിടത്തെ മനുഷ്യർ മുഴുവൻ ഈ പ്രദേശങ്ങളും കെട്ടിടങ്ങളും ഉപേക്ഷിച്ച് അന്റാർട്ടിക്കയിലേക്കോ ചന്ദ്രനിലേക്കോ കുടിയേറിയാൽ സൈനികൻ ഇവിടെ കാവൽ നിൽക്കുമോ? അതോ ജനങ്ങൾ ഉള്ളിടത്തേക്കു മാറുമോ?

രാജ്യത്തെ ധീരരായ ഓരോ സൈനികനും ജീവൻ നൽകി സംരക്ഷിക്കുന്ന സ്വാതന്ത്ര്യം ഭരണകൂടവും അതിന്റെ താളത്തിനൊത്തു തുള്ളുന്ന പൊലീസും കവർന്നെടുക്കുന്നു. അപ്പോൾ ആരാണ് സൈനികന്റെ ത്യാഗത്തെ അപമാനിക്കുന്നത്? സ്വാതന്ത്ര്യം



**സൈനികരുടെ മഹാത്യാഗം കാണാത്തവരാണ് അഭിപ്രായസ്വാതന്ത്ര്യത്തിനുവേണ്ടി മുറവിളി കൂട്ടുന്നത് എന്നു പറയുന്നത് മോഹൻലാലാണ്. രാജ്യത്തെ ധീരരായ ഓരോ സൈനികനും ജീവൻ നൽകി സംരക്ഷിക്കുന്ന സ്വാതന്ത്ര്യം ഭരണകൂടവും അതിന്റെ താളത്തിനൊത്തു തുള്ളുന്ന പൊലീസും കവർന്നെടുക്കുന്നു. അപ്പോൾ ആരാണ് സൈനികന്റെ ത്യാഗത്തെ അപമാനിക്കുന്നത്?**

സംരക്ഷിക്കപ്പെടണമെന്ന് പറയുന്നവരോ? അതോ സ്വാതന്ത്ര്യം കവർന്നെടുക്കുന്നവരോ? സ്വതന്ത്ര അഭിപ്രായപ്രകടനം വിലക്കണമെങ്കിൽ ഭരണഘടന ഭേദഗതി ചെയ്യണം. ഭേദഗതിക്ക് ഒരുപാട് കടമ്പകളുണ്ട്, ഇപ്പോഴത്തെ സാഹചര്യത്തിൽ അത്രയെളുപ്പം കടക്കാനാവാത്ത കടമ്പകൾ. അങ്ങനെ വരുമ്പോൾ ഭേദഗതിക്കു പകരം ഭീഷണി ഭരണകൂടത്തിന്റെ ആയുധമാകുന്നു. അത്രമാത്രം.

ഇവിടെ പലർക്കും ഇന്ത്യയെന്നാൽ ഭൂപടം മാത്രമാണ്. പക്ഷേ, യഥാർത്ഥത്തിൽ ഇന്ത്യയെന്നാൽ ഇവിടത്തെ ശതകോടി ജനങ്ങളാണ്. അവർക്ക് ജീവിക്കാനുള്ള ഭൂമിയാണ് ഭൂപടത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. രാഷ്ട്രീയക്കാരും സൈനികരും മാധ്യമപ്രവർത്തകരും വിദ്യാർത്ഥികളും മുതൽ ഒരു നിമിഷം മുമ്പ് പിറന്നുവീണ കുഞ്ഞുവരെ ഈ പറയുന്ന ജനങ്ങളിൽ ഉൾപ്പെടും. എല്ലാവരും സമഭാവനയോടെ സഹവർത്തിക്കുന്ന രാഷ്ട്രമാകണം ഇന്ത്യ. സഹവർത്തിത്വത്തിനെതിരെ ഉയരുന്ന എല്ലാ ഭീഷണികളും ചോദ്യം ചെയ്യപ്പെടണം, എതിർക്കപ്പെടണം. പക്ഷേ, ബ്രിട്ടീഷുകാരൻ പഠിപ്പിച്ച പഴയ തന്ത്രമാണ് ഇവിടെ വിജയിക്കുന്നത്, ഭിന്നിപ്പിച്ച് ഭരിക്കുക!! ഇപ്പോൾ ഇന്ത്യക്കാരെ രാജ്യസ്നേഹികളും രാജ്യദ്രോഹികളുമായി ഭിന്നിപ്പിക്കാൻ ശ്രമിക്കുന്നു.

മോഹൻലാൽ മഹാനടനാണ്. പക്ഷേ, അറിഞ്ഞോ അറിയാതെയോ രാജ്യത്തെ ഭിന്നിപ്പിക്കാൻ നോക്കുന്നവർക്കൊപ്പം അദ്ദേഹം ചേർന്നിരിക്കുന്നു. ഇത് അപകടമാണ്. ഒരു നടനെന്ന നിലയിൽ സമൂഹത്തിൽ അല്ലെങ്കിൽ ആരാധകർക്കിടയിൽ ഉള്ള സ്വാതന്ത്ര്യം ദുരുപയോഗം ചെയ്യുകയാണ്. അഭിപ്രായം രേഖപ്പെടുത്തുന്നത് അത് യോജിപ്പാകട്ടെ വിയോജിപ്പാകട്ടെ രാജ്യദ്രോഹമാണെങ്കിൽ അതു സ്വീകരിക്കുന്നു. രാജ്യസ്നേഹത്തെക്കുറിച്ച് പറയാൻ ലേഖകന് മോഹൻലാലിനെക്കാൾ യോഗ്യതയുണ്ടെന്ന –ആ യോഗ്യത പൈതൃകമായി ലഭിച്ചതാണ് –തികഞ്ഞ ബോദ്ധ്യത്തിന്റെ അടിസ്ഥാനത്തിലാണ് എന്റെ വിമർശനം.

മോഹൻലാൽ പറയുന്ന സൈനികന്റെ ത്യാഗം അത് ജീവത്യാഗം മാത്രമല്ല. പരിക്കേറ്റ് ജീവിതകാലം മുഴുവൻ വേദന തിന്ന് ജീവിക്കേണ്ടി വരുന്നത് നൈമിഷികമായ മരണത്തെക്കാൾ ഭീകരമാണ്. 1971ലെ ബംഗ്ലാദേശ് യുദ്ധത്തിൽ പങ്കെടുത്ത് കാലിൽ ഷെൽ തറഞ്ഞുകയറി ഇപ്പോൾ നടക്കാൻ പോലും ബുദ്ധിമുട്ടി തീരാവേദനയിൽ ജീവിക്കുന്ന ഒരു മനുഷ്യൻ എന്റെ വീട്ടിലുണ്ട് എന്റെ അച്ഛൻ. സിനിമയിലും പിന്നീട് ലെഫ്റ്റനന്റ് കേണൽ എന്ന അലങ്കാരത്തിനും മോഹൻലാൽ അണിഞ്ഞ സൈനിക യൂണിഫോം ജീവിതത്തിന്റെ വലിയൊരു ഭാഗം അണിഞ്ഞുനടന്ന്, ലേയിലെയും ലഡാക്കിലെയും കൊടുംതണുപ്പിൽ കാവൽ നിന്ന്, പിന്നീട് ബംഗ്ലാദേശായി മാറിയ കിഴക്കൻ പാകിസ്ഥാനിൽ ശത്രുസൈനികരെ കൊന്നൊടുക്കാൻ നിർബന്ധിതനായ ഒരു പാവം പട്ടാളക്കാരൻ. സൈനിക സേവനത്തിന്റെ പേരിൽ ഒരു രൂപ പെൻഷൻ പോലും അച്ഛനു കിട്ടുന്നില്ല എന്നത് വേറെ കാര്യം. സൈനികന്റെ ത്യാഗത്തെക്കുറിച്ചു പറയുന്ന ഭരണകൂടം തീർത്ത ചുവപ്പുനാടകൾ തന്നെ കാരണം.

തീർത്തും ശാന്തസ്വഭാവക്കാരനാണ് എന്റെ അച്ഛൻ. 'അച്ഛൻ കൊന്നിട്ടുണ്ടോ' എന്ന് അവിശ്വാസത്തോടെ ചോദിച്ച കുട്ടിയായ എനിക്ക് അദ്ദേഹം നൽകിയ മറുപടി ഇതായിരുന്നു 'നമ്മൾ കൊ

Always with quality books
GREEN BOOKS




സച്ചിദാനന്ദൻ
മലയാളത്തിന്റെ പ്രിയ കവിതകൾ
വില:200.00
ഇവനെക്കൂടിസ്വീകരിക്കുക
ഹേമന്തത്താൽ
മെലിഞ്ഞ കുളിനീരിൻ
കൈകളാൽ നിളാനദീ

കവിയേയും കവിതകളേയും വേർപെടുത്താനാവാത്ത ഏകതാനത. നടപ്പുവഴികളിൽനിന്ന് വ്യതിചലിച്ച് പുതിയ അവബോധത്തിന്റെ വഴിച്ചാലുകൾ കീറുന്ന, അടിച്ചമർത്തപ്പെട്ടവരുടെ ഉയിർത്തെഴുന്നേല്പിനായി അടിയുറച്ച് നിന്ന് ചരിത്രത്തിലൂടെ നടന്നുപോകുന്ന കവി.

●

**കിഴക്കും പടിഞ്ഞാറും**
യാത്രകളുടെ പുസ്തകം
**വില:140.00**

info@greenbooksindia.com
തൃശൂർ ● പാലക്കാട് ● കണ്ണൂർ
തിരുവനന്തപുരം
Phone: 0487 - 2422515, 0487-2361038
0487-2364439
0491 - 2546162, 0497-2763038
Online Bookstore
**www.greenbooksindia.com**
GB/14106




**കനയ്യ കുമാറിനും ഉമർ ഖാലിദിനും എതിരെ ആഭ്യന്തര മന്ത്രാലയം ദേശദ്രോഹക്കുറ്റം ചാർത്തി നൽകുമ്പോൾ ആഭ്യന്തര മന്ത്രി രാജ്നാഥ് സിംഗ് മറ്റൊരു ഫയലിൽ ഒപ്പിടുകയായിരുന്നു. ഉത്തർ പ്രദേശിലെ ബറേലി ജയിലിൽ കഴിയുന്ന വാര്യം സിംഗിനെ വിട്ടയയ്ക്കാനുള്ള ഉത്തരവായിരുന്നു അത്. ഖാലിസ്ഥാൻ പ്രക്ഷോഭകാരി ആയിരുന്ന വാര്യം സിംഗ് രാജ്യദ്രോഹിയല്ല! ഇതിലും വിജയിച്ചത് അകാലിദൾ നീക്കം**

ന്നില്ലെങ്കിൽ അവൻ നമ്മളെ കൊല്ലും'. 'അവൻ' എന്നാൽ ശത്രുരാജ്യത്തിന്റെ സൈനികൻ. രാജ്യത്തിനുവേണ്ടി പോരാടിയതിൽ അഭിമാനിക്കുന്നയാളാണ് അച്ഛനെങ്കിലും അദ്ദേഹത്തിന്റെ വിവരണങ്ങളിൽ നിന്ന് യുദ്ധവിരുദ്ധ വികാരമാണ് എന്റെ ഉള്ളിൽ വളർന്നത്. ഭരണകൂടം നിർബന്ധിച്ചു ചെയ്യിക്കുന്ന യുദ്ധത്തിൽ നഷ്ടം ജീവൻ ത്യജിക്കുന്ന പട്ടാളക്കാരനും അവന്റെ വീട്ടുകാർക്കും മാത്രമാണെന്ന തിരിച്ചറിവാണ് എന്നെ യുദ്ധവിരുദ്ധനാക്കിയത്. ഡൽഹിയിലെയും ഇസ്‌ലാമാബാദിലെയും കൃത്രിമമമായി ശീതീകരിച്ച മുറികളിലിരുന്ന് രാഷ്ട്രീയമേലാളന്മാർ തങ്ങൾക്കു നേട്ടമുണ്ടാകുന്ന തീരുമാനങ്ങളെടുക്കുമ്പോൾ –ശവപ്പെട്ടി വാങ്ങിക്കൂട്ടുന്നതുൾപ്പെടെ –നഷ്ടം കൊടുംതണുപ്പും മഴയും വെയിലും സഹിച്ച്, പ്രകൃതിയെപ്പോലും വെല്ലുവിളിച്ച് രാജ്യത്തെ സേവിക്കുന്ന പാവം പട്ടാളക്കാരനു മാത്രം. പട്ടാളക്കാരൻ ഇന്ത്യനാവാം, പാകിസ്ഥാനിയാവാം.

തീവ്രവാദത്തെ ഉന്മൂലനം ചെയ്യണം അത് ഏതു രൂപത്തിലായാലും. അവിടെ ഒരു മാനദണ്ഡമേയുള്ളൂ 'നമ്മൾ കൊന്നില്ലെങ്കിൽ അവൻ നമ്മളെ കൊല്ലും'. കുത്താൻ വരുന്ന പോത്തിനോട് വേദമോതിയിട്ട് കാര്യമില്ല. പക്ഷേ, കൊല്ലുന്നത് നമ്മുടെ സ്വത്തിനും ജീവനും ഭീഷണിയുയർത്തുന്ന തീവ്രവാദിയെ ആയിരിക്കണം. ഭരണകൂടത്തിന്റെ മുഖം രക്ഷിക്കാനോ, അജൻഡ നടപ്പാക്കാനോ ഏതെങ്കിലും നിരപരാധിയെ പിടിച്ച് തീവ്രവാദിയാക്കരുത്. കനയ്യ കുമാർമാരും ഉമർ ഖാലിദുമാരും തീവ്രവാദികളാക്കപ്പെടുന്നത് അജൻഡയുടെ ഭാഗമാണെന്ന് പകൽ പോലെ വ്യക്തം.



അതിനുവേണ്ടി എന്തു കള്ളത്തെളിവും ഭരണകൂടം സൃഷ്ടിക്കും.

ത്യാഗികളായ സൈനികർ അതിർത്തി കാക്കുന്നു എന്നതിനാൽ രാജ്യത്തിനകത്ത് അഭിപ്രായസ്വാതന്ത്ര്യം പാടില്ല എന്നാണോ? എന്റെ കുളിമുറിയിൽ ഹീറ്ററില്ല. വീട്ടിൽ ഫയർസൈഡില്ല. വിസ്കി ഉപയോഗിക്കാറുമില്ല. ഇന്ത്യക്കാർ എല്ലാവരും അങ്ങനെയാണ് ജീവിക്കുന്നത് എന്ന് മോഹൻലാൽ കരുതുന്നുവെങ്കിൽ പരിതപിക്കുകയേ നിവൃത്തിയുള്ളൂ. ഒരുപക്ഷേ, ഇതൊന്നുമില്ലാത്തതിനാലാവാം സാധാരണക്കാരായ ജനങ്ങൾ കുറഞ്ഞപക്ഷം അഭിപ്രായസ്വാതന്ത്ര്യമെങ്കിലും കൊതിക്കുന്നത്.

## രാജ്യസ്നേഹത്തിന്റെ പുതിയ വ്യാഖ്യാനം

രാജ്യസ്നേഹത്തിന്റെ സർട്ടിഫിക്കറ്റ് വിതരണച്ചുമതല ഏറ്റെടുത്തിട്ടുള്ളവർ ശരിക്കും അതിന് അർഹരാണോ? ഇന്ത്യൻ ഭരണഘടനയെയും പരമാധികാരത്തെയും ദേശീയപതാകയെയും അംഗീകരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നയാളാണ് യഥാർത്ഥ രാജ്യസ്നേഹി. പക്ഷേ ഇവിടെ അങ്ങനെയാണോ?

ഈ ചോദ്യങ്ങൾ ഇപ്പോൾ വ്യാപകമായി ഉന്നയിക്കപ്പെടുന്നുണ്ട്. മറ്റാരെക്കാളും മാധ്യമപ്രവർത്തകർ ഈ വിഷയങ്ങൾ ചർച്ച ചെയ്യുന്നുണ്ട്. അർണബുമാരുടെ ആക്രോശങ്ങൾക്കിടയിൽ സമചിത്തതയോടെയുള്ള വിലയിരുത്തലുകൾ പുറത്തേക്കുവരുന്നില്ല എന്നു മാത്രം. ജെ.എൻ.യു. പ്രതിസന്ധി ഒരിക്കൽ ചർച്ച ചെയ്യുമ്പോൾ ഇന്ത്യാവിഷനിൽ സഹപ്രവർത്തകനും ദീർഘകാലം ഡൽഹിയിൽ പ്രവർത്തിച്ച പരിചയമുള്ളയാളുമായ ബി.ദിലീപ്കുമാർ ചില കാര്യങ്ങൾ ചൂണ്ടിക്കാട്ടി. ആർക്കും അത്രപെട്ടെന്നൊന്നും നിരാകരിക്കാനാവാത്ത കാര്യങ്ങൾ.


രാജ്നാഥ് സിംഗ്

പഞ്ചാബ് മുഖ്യമന്ത്രി പ്രകാശ് സിംഗ് ബാദൽ 1983ൽ പാർലമെന്റിനു തൊട്ടരികിലുള്ള ഗുരുദ്വാര രഖബ് ഗഞ്ചിനു മുന്നിൽ വച്ച് ഇന്ത്യൻ ഭരണഘടന പരസ്യമായി കത്തിച്ചയാളാണ്. ഇപ്പോൾ ബാദൽ ആർക്കൊപ്പമാണ്?

അഫ്സൽ ഗുരു രക്തസാക്ഷി എന്ന് വിശ്വസിക്കുന്ന പി.ഡി.പിയുമായി കശ്മീരിൽ അധികാരം പങ്കിടുന്ന പാർട്ടിയല്ലേ ബി.ജെ.പി എന്നതല്ല ചോദ്യം. സുപ്രീം കോടതി തീർപ്പാക്കിയാൽ അത് അന്തിമവിശ്വാസം ആവണം എന്നാണോ? ആ മാനദണ്ഡ പ്രകാരം കെ.ടി.ജയകൃഷ്ണനെ വധിച്ചത് മാർക്സിസ്റ്റുകാർ അല്ലല്ലോ. സുപ്രീം കോടതി പ്രതികളെ വെറുതെ വിട്ടതാണ്. ജനവിശ്വാസങ്ങൾ ചിലപ്പോൾ കോടതി വിധികൾക്ക് അപ്പുറമാകാം എന്നു ചൂണ്ടിക്കാണിക്കാൻ മാത്രമാണ് ഇതു പറഞ്ഞത്. കുറഞ്ഞപക്ഷം കേരളത്തിലെ ബി.ജെ.പിക്കാർക്കെങ്കിലും ഇതു മനസ്സിലാവും.

പഞ്ചാബ് മുഖ്യമന്ത്രിയായിരുന്ന ബിയാന്ത് സിങ്ങിനെ കൊലപ്പെടുത്തിയ കൊടും ഭീകരരാണ് ദേവീന്ദർ പാൽ സിങ് ഭുള്ളറും ബൽവന്ത് സിങ് രജോനയും. രാഷ്ട്രപതി ദയാഹർജി തള്ളിയിട്ടും ഇവരുടെ വധശിക്ഷ നടപ്പാക്കിയിട്ടില്ല. കാരണം വധശിക്ഷ നടപ്പാക്കരുതെന്ന് ബി.ജെ.പി. കൂടി പങ്കാളികളായ പഞ്ചാബ് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. സ്വതന്ത്ര ഖാലിസ്ഥാനായി പോരാടിയ ഇവരെ രാജ്യദ്രോഹികളായി അഫ്സൽ ഗുരു വിമർശകർ പറയുന്നുമില്ല.

ഇന്ത്യയുടെ പ്രധാനമന്ത്രി ആയിരുന്ന, വീണ്ടുമൊരിക്കൽക്കൂടി ആവാനിരുന്ന രാജീവ് ഗാന്ധിയെ വധിച്ചവരെ പിന്താങ്ങാൻ തമിഴ് പാർട്ടികൾ എത്തി. സുപ്രീം കോടതി അന്തിമ ഉത്തരവിട്ടു. രാഷ്ട്രപതി ദയാഹർജി തള്ളുകയും ചെയ്തു. ഇന്ത്യൻ സംവിധാനത്തിൽ വിശ്വാസമില്ലേ ഇവർക്കൊക്കെ എന്നൊന്നും അപ്പോൾ ആരും പറഞ്ഞു കേട്ടില്ല. ഇന്ന് ഡി.എം.കെയുമായി സഖ്യത്തിനുള്ള ശ്രമത്തിലാണ് ബി.ജെ.പി.

വർഷങ്ങൾക്കു മുൻപ് അസമിൽ കലാപം നടത്തിയ അസംഗണ പരിഷത്തിനെ ആയുധം വച്ച് കീഴടക്കി മുഖ്യധാരയിൽ എത്തിച്ചത് രാജീവ് ഗാന്ധി സർക്കാരാണ്. ഇന്ന് ബി.ജെ.പിയാണ് അവരുമായി സഖ്യപാതയിലുള്ളത്.

ഡൽഹിയിലെ ജാട്ട് സമരം, മുൻപ് നടന്ന ഗുജ്ജർ സമരം, ഗുജറാത്തിലെ പട്ടേൽ സമരം –ഇതൊക്കെ ദേശസ്നേഹമാണല്ലോ. ഇവരുടെ നേതാക്കളെ വിളിച്ചിരുത്തി ഇന്ന് അതിർത്തിയിലെ പട്ടാളക്കാരുടെ ആത്മത്യാഗത്തിന്റെ കഥ പറഞ്ഞ് അർണബ് അലറി വിളിക്കുമോ? ഇവരെ ദേശദ്രോഹികളായി പ്രഖ്യാപിക്കുമോ? എങ്കിൽ മറുപടി, പാവം വിദ്യാർത്ഥികളുടെ നെഞ്ചത്ത് കേറിയപ്പോഴത്തേത് പോലാവില്ല.

കനയ്യ കുമാറിനും ഉമർ ഖാലിദിനും എതിരെ ആഭ്യന്തര മന്ത്രാലയം ദേശദ്രോഹക്കുറ്റം ചാർത്തി നൽകുമ്പോൾ ആഭ്യന്തര മന്ത്രി രാജ്നാഥ് സിംഗ് മറ്റൊരു ഫയലിൽ ഒപ്പിടുകയായിരുന്നു. ഉത്തർ പ്രദേശിലെ ബറേലി ജയിലിൽ കഴിയുന്ന വാര്യം സിംഗിനെ വിട്ടയയ്ക്കാനുള്ള ഉത്തരവായിരുന്നു അത്. ഖാലിസ്ഥാൻ പ്രക്ഷോഭകാരി ആയിരുന്ന വാര്യം സിംഗ് രാജ്യദ്രോഹിയല്ല! ഇതിലും വിജയിച്ചത് അകാലിദൾ നീക്കം.

രാജ്യസ്നേഹം എന്നത് അവരവരുടെ ആവശ്യം പോലെ വിളമ്പാൻ ഉള്ളതാണ്. അത് മാധ്യമങ്ങൾ ആയാലും രാഷ്ട്രീയക്കാർ ആയാലും. ഭരണഘടനയ്ക്ക് അതീതരാണ് തങ്ങളെന്ന ധാരണ ഭരണകൂടത്തിനുണ്ടാവുമ്പോൾ രാജ്യം അപകടത്തിലാവുന്നു. ജീവിതം ദുസ്സഹമാകുന്നു. ആ അപകടത്തിൽ നിന്നു കരകയറ്റാൻ രാജ്യസ്നേഹത്തിനാവില്ല എന്നതാണ് സത്യം.

**വി.എസ്. ശ്യാംലാൽ: 9847001435**
**Email: vssyamlal@gmail.com**